**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിലെ താമസ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന് കീഴിലുള്ള ഇൻസ്‌പെക്ഷൻ ബംഗ്ലാവ് ഉൾപ്പെടെയുള്ള വിവിധ താമസ സൗകര്യങ്ങളുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻസ്‌പെക്ഷൻ ബംഗ്ലാവ് ഉൾപ്പെടെയുള്ള വിവിധ താമസസൗകര്യങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് മാതൃകയിൽ വനംവകുപ്പ് ഉടമസ്ഥതയിലുള്ള താമസസൗകര്യങ്ങൾ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ സാധിക്കുന്ന രീതിയിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റെസ്റ്റ് ഹൗസുകൾ/ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയിലെ താമസസാകര്യങ്ങൾ ഔദ്യോഗിക പരിശോധനയ്ക്കുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ പൊതുജനങ്ങൾക്ക് വിനോദ സഞ്ചാരികൾക്കും കൂടി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ വനം വകുപ്പ് ആസ്ഥാനത്തെ കേന്ദ്രീകൃത സംവിധാനം വഴി ടെലിഫോൺ മുഖേന ബുക്കു ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. |
| (സി) | വനംവകുപ്പ് ഉടമസ്ഥതയിലുള്ള താമസസൗകര്യങ്ങൾ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് നിലവിൽ സൗകര്യമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റെസ്റ്റ് ഹൗസുകൾ/ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയിലെ താമസസാകര്യങ്ങൾ ഔദ്യോഗിക പരിശോധനയ്ക്കുള്ള ഉദ്യോഗസ്ഥരുടെ അഭാവത്തിൽ പൊതുജനങ്ങൾക്ക് വിനോദ സഞ്ചാരികൾക്കും കൂടി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ വനം വകുപ്പ് ആസ്ഥാനത്തെ കേന്ദ്രീകൃത സംവിധാനം വഴി ടെലിഫോൺ മുഖേന ബുക്കു ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. |
| (ഡി) | ഇക്കോ ടൂറിസം സെന്ററിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ ഇൻസ്പെക്ഷൻ ബംഗ്ലാവ് | (ഡി) | ഇക്കോ ടൂറിസം സെന്ററിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് ബന്ധപ്പെട്ട ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ/ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ എന്നിവ വഴി ആവശ്യമുള്ള താമസസൗകര്യങ്ങൾ വനം വകുപ്പ് |

| | | | |
|---|---|---|---|
| | ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വിട്ടുനൽകുമോ; വിശദീകരിക്കുമോ? | | തന്നെ ഒരുക്കിയിട്ടുണ്ട്. ടി താമസസൗകര്യങ്ങൾ ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ